# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2021

13/06/2019-ൽ മറുപടി
നൽകേണ്ടത്

***ദേശീയ ജലപാത നിർമ്മാണം***

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |

കോവളം മുതൽ ബേക്കൽ വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; പ്രസ്തുത ജലപാത എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ടി ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ആലപ്പുഴ - കോട്ടയം ജില്ലകളിലെ ആലപ്പുഴ - ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ - കോട്ടയം - അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ മുതൽ തമിഴ് നാട്ടിലെ ഇരയിമ്മൻത്തുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി. മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി. മീ. എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തിവരുന്നത്. ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും, സാങ്കേതിക വൈദഗ്ധ്യമുള്ള കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ പാർവ്വതീ പുത്തനാറിന്റെ 16.045 കി.മീ. ഭാഗത്തെ കനാൽ വികസനം KWIL ന്റെ മേൽനോട്ടത്തിൽ KIIFB ധനസഹായത്തോടെ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പാർവ്വതീ

പുത്തനാറിന്റെ ശുചീകരണം KWIL-ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. പാർവ്വതി പുത്തനാറിന്റെ വീതി 25 മീറ്ററും ഇരുവശങ്ങളിൽ റോഡുകൾ 5 മീറ്റർ വീതിയും പൈപ്പ് ലൈനും മറ്റും സ്ഥാപിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കോവളം, ആക്കുളം, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കും പാർവ്വതീ പുത്തനാറിന് കുറുകെ കരിയ്ക്കകം, പുത്തൻപാലം, പനത്തുറ ഭാഗങ്ങളിൽ ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടിയ പാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കരിക്കകത്തും പുത്തൻപാലത്തും മണ്ണ് പരിശോധന പൂർത്തിയായി തുടർനടപടികൾ നടന്നുവരുന്നു. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്ന പദ്ധതി, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിവരുന്നു. വർക്കലയിൽ വർക്കല, അഞ്ച്തെങ്ങ്, താഴെവെട്ടൂർ, നടയറ, രാമന്തളി തുടങ്ങിയ ഭാഗങ്ങളിൽ 4 പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലംതോടിലെ 1,3,4,5 റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. റീച്ച് 2-ന്റെ ദർഘാസ് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കോഴിക്കോടിനും വടകരക്കും ഇടയിൽ 38.3 കി.മീ. ഭാഗം ( ചെ.411.78 കി.മീ. - 450.08 കി.മീ. ) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനും പയ്യോളി കനാലിന്റെ വികസനത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം **5** റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി - വളപട്ടണത്തിനും ഇടയിലെ 3 'അൺകട്ട്' ഭാഗങ്ങളിലും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള 'അൺകട്ട്' ഭാഗത്തും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം - കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം **3** ഘട്ടങ്ങളിലായി നടപ്പാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും, കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് ആസൂത്രണം

ചെയ്തിട്ടുള്ളത്. 2022 -ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുവാനും 2025-ൽ തീരുന്ന 3-ാം ഘട്ടത്തിൽ ദേശീയ ജലപാത നിലവാരത്തിലുള്ള വികസനവും, ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനത്തിനും സാദ്ധ്യമാകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം **3** ഘട്ടങ്ങളിലായി സമയബന്ധിതമായി ജലപാതാ വികസനം നടപ്പിലാക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചു വരുന്നത്.

**സെക്ഷൻ ഓഫീസർ**